

# ഉമറുൽ ബഷീറിനെതിരെ 'ക്രിമിനലുകളുടെ കോടതി'

സുഡാനിൽ കുടില രാഷ്ട്രീയ ലക്ഷ്യമുള്ള പാശ്ചാത്യ ശക്തികൾ നടത്തിയ ഗൂഢനീക്കങ്ങളുടെ ഭാഗമായാണ് ഉമറുൽ ബഷീറിനെതിരെ ഐ.സി.സി പ്രോസിക്യൂട്ടർ അറസ്റ്റ്‌വാറന്റ് തേടിയത്. ഇതിൽ അമേരിക്ക പിന്നിൽനിന്ന് കരുക്കൾ നീക്കിയെന്നു മാത്രം. സുഡാനിലെ എണ്ണമേഖലയുടെ ആധിപത്യം കൈക്കലാക്കുകയെന്ന ലക്ഷ്യമാണ് അമേരിക്കയുടെ നീക്കത്തിനു പിന്നിൽ. സുഊദി അറേബ്യ, സുഡാൻ, ഛാഡ്, കാമറൂൺ എന്നീ രാജ്യങ്ങളെ ബന്ധിപ്പിക്കുന്ന എണ്ണക്കുഴൽ പദ്ധതി അമേരിക്കയുടെ ലക്ഷ്യമാണ്.

വിശകലനം ● പി.കെ നിയാസ്

**പടിഞ്ഞാറൻ** സുഡാനിലെ ദാർഫൂർ പ്രവിശ്യയിൽ അരങ്ങേറിയ കൂട്ടക്കൊലയുടെയും മനുഷ്യാവകാശ ലംഘനങ്ങളുടെയും പേരിൽ പ്രസിഡന്റ് ഉമർ ഹസൻ അൽ ബഷീറിനെതിരെ യുദ്ധക്കുറ്റം ചുമത്തുകയും അറസ്റ്റിന് അനുമതി തേടുകയും ചെയ്ത അന്താരാഷ്ട്ര ക്രിമിൽ കോടതി (ഐ.സി.സി) പ്രോസിക്യൂട്ടറുടെ തീരുമാനം വിവാദമായതിൽ അത്ഭുതമില്ല.

1989-ൽ പട്ടാള അട്ടിമറിയിലൂടെ സുഡാന്റെ ഭരണം ഏറ്റെടുത്ത സൈനിക മേധാവി കൂടിയായ ജനറൽ ബഷീർ അറബ് ലോകത്തെയും ആഫ്രിക്കയിലെയും അറിയപ്പെടുന്ന രാഷ്ട്രീയ നേതാവായതുകൊണ്ടു മാത്രമല്ല ഇതൊരു വിവാദമാകുന്നത്. പതിറ്റാണ്ടുകളായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ തുടർന്നുകൊണ്ടിരിക്കുന്ന ഭീകരമായ മനുഷ്യാവകാശ ലംഘനങ്ങൾക്ക് നേരിട്ട് നേതൃത്വം നൽകുന്ന ഭരണാധികാരികളെ ചുവപ്പു പരവതാനി വിരിച്ച് സ്വീകരിക്കുകയും മൂന്നാം ലോകത്തെ നേതാക്കളെ മാത്രം കുരുക്കിലാക്കുകയും ചെയ്യുന്ന ഇരട്ടത്താപ്പാണ് ഇവിടെ ചോദ്യം ചെയ്യപ്പെടുന്നത്. ഒരു രാജ്യം ഔദ്യോഗികമായി അംഗീകരിച്ചിട്ടില്ലാത്ത നീതിന്യായ സംവിധാനത്തിന് അറസ്റ്റ് വാറന്റ് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാനാവുമോ എന്നതും പ്രസക്തമായ ചോദ്യമാണ്.

## മനുഷ്യാവകാശ ലംഘനങ്ങൾ

ഫ്രാൻസിന്റെ വലുപ്പം (4,93,180 ച. കി.മീറ്റർ) വരുന്ന സുഡാൻ പ്രവിശ്യയാണ് ദാർഫൂർ. ധാരാളം എണ്ണ സമ്പത്തുള്ള ഈ പ്രദേശം മറ്റു പ്രകൃതി വിഭവങ്ങളാലും സമൃദ്ധമാണ്. ദാർഫൂറിലെ കോർദോഫാനിലെ ദഫ്റ എണ്ണപ്പാടം പ്രശസ്തമാണ്. യുറേനിയം, സ്വർണം എന്നിവയുടെ നിക്ഷേപവും ദാർഫൂറിലുണ്ടെന്ന് പറയപ്പെടുന്നു. 2003-ലാണ് ദാർഫൂർ ലോക ശ്രദ്ധയിൽ ഇടംനേടുന്നത്. വടക്കൻ ദാർഫൂറിലെ അറബി സംസാരിക്കുന്ന ഗോത്രങ്ങളും തെക്കൻ ദാർഫൂറിലെ അറബി സംസാരിക്കാത്ത കർഷക ഗോത്രങ്ങളും തമ്മിലുള്ള പോര് കൂട്ടക്കൊലകളിലേക്കും ഭീകരമായ മനുഷ്യാവകാശ ലംഘനങ്ങളിലേക്കും നീങ്ങുകയായിരുന്നു. പ്രവിശ്യയിലെ അറബ് ഗോത്രമായ അബ്ബാലകൾ അനറബികളായ ഫൂർ, സഗാവ, മസ്സാലീതി എന്നീ ഗോത്രങ്ങളെ പുറന്തള്ളാൻ നടത്തിയ ശ്രമങ്ങൾ സംഘടിതാക്രമണങ്ങളായി പരിണമിച്ചു. ആഫ്രിക്കയുടെ ഏറ്റവും വലിയ പ്രശ്നമായ വരൾച്ച, മരുഭൂവൽക്കരണം, ജനസംഖ്യാ വർധനവ് എന്നിവ തന്നെയാണ് പ്രശ്നങ്ങൾക്ക് ഹേതു. കാലികളെ മേക്കുന്ന ഗോത്രവിഭാഗങ്ങൾ കടുത്ത വരൾച്ചയിൽ വെള്ളം കിട്ടാതെ അലഞ്ഞ് മറ്റു ഗോത്രവിഭാഗങ്ങൾ വസിക്കുന്ന മേഖലകളിലേക്ക് കടന്നത് ദാർഫൂറിൽ വൻ പൊട്ടിത്തെറിക്കു കാരണമായ സംഭവങ്ങളിൽ പെടുന്നു. അറബ് ഗോത്രങ്ങൾക്കു വേണ്ടി ജൻജവീദ് മിലീഷ്യ രംഗത്തുവരികയും അവരെ ഗവൺമെന്റ് സേന പിന്തുണക്കുകയും ചെയ്തത് പ്രശ്നം രൂക്ഷമാക്കി.

അറബി സംസാരിക്കാത്ത ആഫ്രിക്കൻ ഗോത്രങ്ങളുടെ സംരക്ഷണത്തിന് വിവിധ ഗ്രൂപ്പുകൾ രംഗത്തുവന്നു. ഇസ്ലാമികാശയമുള്ള ജസ്റ്റിസ് ആന്റ് ഈക്വാലിറ്റി മൂവ്മെന്റ് (ജെം), സുഡാൻ ലിബറേഷൻ മൂവ്മെന്റ് (സുഡാൻ ലിബറേഷൻ ആർമി എന്നും അറിയപ്പെടുന്നു) എന്നിവയാണ് ദാർഫൂറിൽ ഗവൺമെന്റ് സേനയോടും ജാൻജവീദ് മിലീഷ്യയോടും ഏറ്റുമുട്ടിയത്. ദാർഫൂർ വിമോചന മുന്നണി എന്ന പേരിലാണ് ഇവർ അറിയപ്പെടുന്നത്. എന്നാൽ എസ്.എൽ.എയിലെ പിളർപ്പിൽ ഒരു വിഭാഗം ഗവൺമെന്റിനോടൊപ്പം ചേർന്നപ്പോൾ, സംഘടനയുടെ സ്ഥാപകൻ അബ്ദുൽ വാഹിദ് മുഹമ്മദ് നൂർ നേതൃത്വം നൽകുന്നതുൾപ്പെടെയുള്ള ഗ്രൂപ്പുകൾ


ഉമറുൽ ബഷീർ

പോരാട്ടം തുടരുകയായിരുന്നു.

ഖലീൽ ഇബ്റാഹീം നേതൃത്വം നൽകുന്ന ജെമ്മിന് സുഡാനിലെ പ്രശസ്ത ഇസ്ലാമിസ്റ്റ് നേതാവ് ഡോ. ഹസൻ തുറാബിയുമായി ബന്ധമുണ്ടെന്നാണ് ബഷീർ ഭരണകൂടം ആരോപിക്കുന്നത്. ദാർഫൂറിൽ ഗവൺമെന്റ് നടത്തുന്ന മനുഷ്യാവകാശ ലംഘനങ്ങളെ തുറാബി വിവിധ ഘട്ടങ്ങളിൽ ശക്തമായി വിമർശിച്ചതാണ് ബഷീറിനെ ചൊടിപ്പിച്ചത്. '89-ൽ ഭരണത്തിലേറാൻ സഹായിച്ച തുറാബിയെ പത്തു വർഷത്തിനു ശേഷം വീട്ടുതടങ്കലിലാക്കിയതും ബഷീറാണ്.

ഉമർ ബഷീറിന്റെ നേതൃത്വത്തിലുള്ള ഭരണകൂടത്തിന്റെ പൂർണ പിന്തുണയോടെ ജൻജവീദ് മിലീഷ്യയും സൈന്യവും ചേർന്ന് ദാർഫൂറിലെ അനറബ് ഗോത്രങ്ങളെ അടിച്ചമർത്തുകയാണെന്ന് 2003-ൽ എസ്.എൽ.എയും ജെമ്മും ആരോപണമുന്നയിച്ചതോടെയാണ് പ്രശ്നം ലോകശ്രദ്ധയിൽ വരുന്നത്. ദാർഫൂറിനെ ഖാർത്തൂം അവഗണിക്കുകയാണെന്നും അവിടത്തെ എണ്ണ ഊറ്റിയെടുക്കുകയല്ലാതെ ജനങ്ങളുടെ അടിസ്ഥാനാവശ്യങ്ങൾ പരിഹരിക്കാൻ ഒന്നും ചെയ്യുന്നില്ലെന്നും അവർ കുറ്റപ്പെടുത്തി. ഗവൺമെന്റ് ഇതിനെതിരെ ശക്തമായാണ് പ്രതികരിച്ചത്. രൂക്ഷമായ സൈനിക നടപടിയിൽ ബോംബിംഗ് വരെ ഉൾപ്പെട്ടിരുന്നുവെന്നാണ് റിപ്പോർട്ട്. അടിച്ചമർത്തൽ സഹിക്കാനാവാതെ ആയിരങ്ങൾ അയൽ രാജ്യമായ ഛാഡിലേക്ക് പലായനം ചെയ്തു. ദാർഫൂറിൽ രണ്ടു ലക്ഷത്തോളം പേർ കൊല്ലപ്പെട്ടുവെന്ന് ഐക്യരാഷ്ട്രസഭയുടെ കണക്കുകൾ പറയുന്നു. എന്നാൽ പതിനായിരം കവിയില്ലെന്നാണ് ഗവൺമെന്റിന്റെ വാദം. കൂട്ടക്കൊലകളും മാനഭംഗങ്ങളും ദാർഫൂറിൽ അരങ്ങേറിയെന്ന പാശ്ചാത്യ രാജ്യങ്ങളുടെ ആരോപണങ്ങൾ യു.എന്നിനു കീഴിലെ ലോകാരോഗ്യ സംഘടനയുടെ മേഖലാ ഡയറക്ടറുടെ നിഷേധ പ്രസ്താവനയിലൂടെ സുഡാൻ ഭരണകൂടം പ്രതിരോധിക്കുന്നു. 2005-ൽ യു.എന്നിന്റെ ദാർഫൂർ അന്വേഷണ കമീഷൻ പ്രസിദ്ധീകരിച്ച 176 പേജുള്ള റിപ്പോർട്ടിൽ ദാർഫൂറിൽ കൂട്ടക്കൊലകൾ അരങ്ങേറിയെന്ന് വ്യക്തമാക്കുന്നുണ്ടെങ്കിലും അത് വംശഹത്യയല്ലെന്ന് അടിവരയിടുന്നുണ്ട്. ഇത്തരമൊരു ആരോപണം ആദ്യമായി ഉന്നയിച്ചത് 2003-ൽ അമേരിക്കയുടെ വിദേശകാര്യ സെക്രട്ടറിയായിരുന്ന കോളിൻ പവലായിരുന്നു.

2005 മാർച്ചിൽ യു.എൻ രക്ഷാസമിതി ദാർഫൂർ പ്രശ്നം ഇന്റർനാഷനൽ ക്രിമിനൽ കോടതിക്ക് (ഐ.സി.സി) കൈമാറി. 2007 ഏപ്രിലിൽ ഐ.സി.സിയുടെ ആദ്യ തീരുമാനം പുറത്തുവന്നു- സുഡാൻ മുൻ ആഭ്യന്തര മന്ത്രി അഹ്മദ് ഹാറൂണിനും ജൻജവീദ് മിലീഷ്യ നേതാവ് അലി കുശൈബിക്കുമെതിരെ അറസ്റ്റ് വാറന്റ്. എന്നാൽ സുഡാൻ ഗവൺമെന്റ് ഐ.സി.സി നടപടി അംഗീകരിച്ചില്ല. തങ്ങളുടെ പൗരന്മാരെ വിചാരണ ചെയ്യാൻ ഐ.സി.സിക്ക് നിയമപരമായി അവകാശമില്ലെന്നായിരുന്നു ഖാർത്തൂമിന്റെ നിലപാട്. എന്നാൽ നടപടിക്രമങ്ങളുമായി മുന്നോട്ടുനീങ്ങിയ ഐ.സി.സിയുടെ ദാർഫൂർ പ്രോസിക്യൂട്ടർ അർജന്റീനക്കാരൻ ലൂയി മോറീനോ ഒകാംപോ ഇക്കഴിഞ്ഞ ജൂലൈ 14-ന് പ്രസിഡന്റ് ബഷീറിനെതിരെ പത്തു യുദ്ധക്കുറ്റങ്ങൾ ചുമത്തി. മൂന്ന് വംശഹത്യാ കുറ്റങ്ങൾ, മാനുഷ്യകത്തിനെതിരായ അഞ്ചു കുറ്റങ്ങൾ, രണ്ട് കൊലക്കുറ്റങ്ങൾ എന്നിവയാണിവ. ദാർഫൂർ സന്ദർശിക്കുന്ന ആർക്കും ഇപ്പറഞ്ഞ ആരോപണങ്ങളത്രയും കളവാണെന്ന് ബോധ്യപ്പെടുമെന്ന് ബഷീർ ഇതിനോട് പ്രതികരിച്ചു.

## ലോക ക്രിമിനൽ കോടതി

1998 ജൂലൈ 17-ന് ഇറ്റലിയുടെ തലസ്ഥാനമായ റോമിൽ ചേർന്ന സമ്മേളനത്തിലാണ് അന്താരാഷ്ട്ര ക്രിമിനൽ കോടതി എന്ന ആശയം രൂപം കൊള്ളുന്നത്. 2002 ജൂലൈ ഒന്നിന് ഐ.സി.സി ഔദ്യോഗികമായി നിലവിൽ വന്നു. റോം സ്റ്റാറ്റ്യൂട്ടിനെ 120 രാജ്യങ്ങൾ അംഗീകരിച്ചപ്പോൾ ഏഴു രാജ്യങ്ങൾ എതിർക്കുകയായിരുന്നു. 21 രാജ്യങ്ങൾ വിട്ടുനിന്നു.

എതിർത്തവരിൽ ലോകത്തിലെ ഏറ്റവും വലിയ മനുഷ്യാവകാശ ലംഘകരായ അമേരിക്കയും കൂട്ടാളിയായ ഇസ്രയേലും ഉൾപ്പെടും. ചൈന, യമൻ, ഇറാഖ്, ലിബിയ, ഖത്തർ എന്നിവയാണ് എതിർത്ത മറ്റു രാജ്യങ്ങൾ. 2002-ൽ സ്റ്റാറ്റ്യൂട്ടിൽ ഇസ്രയേൽ ഒപ്പുവെച്ചെങ്കിലും റാറ്റിഫൈ ചെയ്യാൻ തയാറായില്ല. ആശയത്തോട് യോജിപ്പാണെങ്കിലും കക്ഷിയാവാൻ തങ്ങളില്ലെന്ന് ഐക്യരാഷ്ട്രസഭക്ക് നൽകിയ കത്തിൽ ജൂത രാഷ്ട്രം വ്യക്തമാക്കി. 106 രാജ്യങ്ങളാണ് ഇതിനകം സ്റ്റാറ്റ്യൂട്ടിൽ ഒപ്പുവെച്ചിട്ടുള്ളത്.

സുഡാൻ ഐ.സി.സി ഉടമ്പടി അംഗീകരിക്കാത്ത രാജ്യമായതിനാൽ അറസ്റ്റു നീക്കം ഫലം ചെയ്യില്ലെന്നാണ് പൊതുവായ അഭിപ്രായം. ഐ.സി.സി നേരത്തെ വാറന്റ് പുറപ്പെടുവിച്ച രണ്ടു പേരെ വിചാരണക്ക് വിട്ടുകൊടുത്താൽ ബഷീറിനെതിരായ നടപടി മരവിപ്പിക്കുമെന്നാണ് ചില നിയമവിദഗ്ധർ അഭിപ്രായപ്പെടുന്നത്. ഐ.സി.സി ഉടമ്പടിയിൽ ഭാഗഭാക്കാവാത്തതിനാൽ പതിവു കോലാഹലവുമായി അമേരിക്ക രംഗത്തില്ലെന്നതും ശ്രദ്ധേയമാണ്. അതേസമയം, വിഷയം യു.എൻ രക്ഷാസമിതിയിലെത്തിയാൽ ബഷീറിന് രക്ഷാവലയം തീർക്കാൻ ചൈന രംഗത്തുവരുമെന്നുറപ്പാണ്. ദാർഫൂർ വിഷയത്തിൽ ചൈന ഖാർത്തൂം അനുകൂല നിലപാടാണ് സ്വീകരിച്ചുപോന്നത്. സുഡാനുമായുള്ള ബിസിനസ് ബന്ധങ്ങളാണ് ഇതിനു പിന്നിൽ. ദാർഫൂറിലെ ദെഫ്റ എണ്ണപ്പാടങ്ങളുടെ കരാർ ചൈനീസ് കമ്പനികൾക്കാണ്. മാത്രമല്ല, ദാർഫൂറിൽ യു.എൻ-ആഫ്രിക്കൻ യൂനിയൻ സംയുക്ത സേനയിൽ ചൈനീസ് പ്രാതിനിധ്യവുമുണ്ട്.

അതേസമയം, ഉമറുൽ ബഷീറിനെതിരായ നീക്കം ദാർഫൂർ പ്രശ്നം കൂടുതൽ സങ്കീർണമാക്കാനേ സഹായിക്കൂവെന്ന് സുഡാൻ മുന്നറിയിപ്പ് നൽകുന്നു. പ്രസിഡന്റിനെതിരെ വാറന്റ് പുറപ്പെടുവിക്കാൻ ആവശ്യപ്പെടുകയും ദാർഫൂറിൽ പ്രവർത്തിക്കുന്ന നിരവധി അന്താരാഷ്ട്ര സന്നദ്ധ സംഘടനകളുടെ സുരക്ഷാ ചുമതല ഖാർത്തൂമിനാണെന്നും ഒരേ ശ്വാസത്തിൽ പറയാൻ അന്താരാഷ്ട്ര സമൂഹത്തിന് എങ്ങനെ സാധിക്കുമെന്നാണ് ബഷീറിന്റെ ഉപദേശകൻ ബോണ മൽവാൽ ചോദിക്കുന്നത്. സംഘടനകൾക്ക് വിസ റദ്ദാക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ തങ്ങൾക്ക് സ്വീകരിക്കേണ്ടിവരുമെന്ന അദ്ദേഹത്തിന്റെ മുന്നറിയിപ്പ്, 2006-ൽ ഒപ്പിട്ട സമാധാനക്കരാർ ദുർബലമാക്കപ്പെട്ടേക്കുമെന്ന ആശങ്കയാണ് ഉയർത്തുന്നത്. സമാധാനക്കരാർ പ്രകാരം 2010-ൽ ദാർഫൂറിൽ ഹിതപരിശോധന നടക്കേണ്ടതുണ്ട്.

## പാശ്ചാത്യ നീക്കങ്ങൾ

സുഡാനിൽ കുടില രാഷ്ട്രീയ ലക്ഷ്യമുള്ള പാശ്ചാത്യ ശക്തികൾ നടത്തിയ ഗൂഢനീക്കങ്ങളുടെ ഭാഗമായാണ് ഉമറുൽ ബഷീറിനെതിരെ ഐ.സി.സി പ്രോസിക്യൂട്ടർ അറസ്റ്റ്‌വാറന്റ് തേടിയത്. ഇതിൽ അമേരിക്ക പിന്നിൽനിന്ന് കരുക്കൾ നീക്കിയെന്നു മാത്രം. ദക്ഷിണ സുഡാനിലെ ക്രിസ്ത്യൻ വിഘടനവാദികൾക്ക് രാഷ്ട്രീയവും സൈനികവുമായ പിന്തുണ നൽകിയാണ് അമേരിക്ക തങ്ങളുടെ കളി തുടങ്ങിയത്. ക്ലിന്റൻ ഭരണത്തിൽ തുടങ്ങിയ നീക്കങ്ങൾ ബുഷിനു കീഴിൽ ശക്തിയാർജിച്ചു. സുഡാനിലെ എണ്ണമേഖലയുടെ ആധിപത്യം കൈക്കലാക്കുകയെന്ന ലക്ഷ്യമാണ് അമേരിക്കയുടെ നീക്കത്തിനു പിന്നിൽ. സുഊദി അറേബ്യ, സുഡാൻ, ഛാഡ്, കാമറൂൺ എന്നീ രാജ്യങ്ങളെ ബന്ധിപ്പിക്കുന്ന എണ്ണക്കുഴൽ പദ്ധതി അമേരിക്കയുടെ ലക്ഷ്യമാണ്.

1983 മുതൽ തുടങ്ങിയ ദക്ഷിണ സുഡാനിലെ പോരാട്ടം രണ്ടാം ആഭ്യന്തര യുദ്ധമെന്ന പേരിലാണ് അറിയപ്പെടുന്നത്. ആയിരക്കണക്കിനാളുകൾക്ക് ജീവൻ നഷ്ടപ്പെട്ട ഈ പ്രതിസന്ധിക്ക് പരിഹാരമായത് 2005 ജനുവരിയിൽ ഒപ്പുവെച്ച സമഗ്ര സമാധാന ഉടമ്പടിയിലൂടെയാണ്. പത്തു സംസ്ഥാനങ്ങൾ ഉൾപ്പെടുന്ന തെക്കൻ മേഖലക്ക് സ്വയംഭരണാവകാശം നൽകാമെന്ന് ബഷീർ ഭരണകൂടം സമ്മതിക്കുക മാത്രമല്ല, തെക്കൻ പ്രദേശങ്ങൾ സുഡാനൊപ്പം നിൽക്കണമോ സ്വതന്ത്ര രാഷ്ട്രമാകണമോയെന്ന് 2010-ൽ നടക്കുന്ന ഹിതപരിശോധനയിൽ തീരുമാനിക്കുമെന്നും കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ജോൺ ഗരംഗിന്റെ നേതൃത്വത്തിൽ രൂപംകൊണ്ട സുഡാനീസ് പീപ്പ്ൾസ് ലിബറേഷൻ ആർമിയും സൗത്ത് സുഡാൻ ഡിഫൻസ് ഫോഴ്സുമാണ് തെക്കൻ സുഡാനിൽ വിഘടനവാദം ഉയർത്തിയത്. ഇരു സംഘടനകളും അഭിപ്രായ ഭിന്നതകൾ മാറ്റിവെച്ച് 2006 ജനുവരിയിൽ ലയിച്ചു. ജുബ ആസ്ഥാനമായുള്ള ദക്ഷിണ സുഡാന്റെ പ്രസിഡണ്ടായി ഗരംഗ് സ്ഥാനമേറ്റു. കോപ്റ്റർ അപകടത്തിൽ ഗരംഗ് മരിച്ചതോടെ സൽവ കിറാണ് പ്രസിഡന്റ് പദവി അലങ്കരിക്കുന്നത്. ഉമർ ബഷീറിന്റെ ഡെപ്യൂട്ടിയെന്ന പദവിയുമുണ്ട് കിറിന്.

തെക്കൻ സുഡാനെ അസ്ഥിരപ്പെടുത്തുന്നതിനു പിന്നാലെ, രാജ്യത്തിന്റെ പടിഞ്ഞാറൻ മേഖലയിലും അസ്വസ്ഥത വിതക്കാനും അത് രാഷ്ട്രാന്തരീയ പ്രശ്നമായി വളർത്തിക്കൊണ്ടുവരാനും അമേരിക്കയുടെ നേതൃത്വത്തിൽ പടിഞ്ഞാറൻ ശക്തികൾക്ക് കഴിഞ്ഞുവെന്നതിന്റെ തെളിവാണ് ദാർഫൂർ.

ലോകത്തിനു മുന്നിൽ ചോദ്യചിഹ്നങ്ങളായി നിലകൊള്ളുന്ന ഇറാഖും അഫ്ഗാനിസ്താനും ഫലസ്തീനും ഒഴിച്ചിട്ട് ദാർഫൂറിനെ മാത്രം പിടികൂടാൻ ഐ.സി.സിക്ക് യു.എൻ തിട്ടൂരം നൽകിയതിനു പിന്നിലെ താൽപര്യങ്ങളെന്തെന്ന് ബഷീറിനെതിരായ നടപടികളിലൂടെ വെളിപ്പെടുന്നുണ്ട്. ജൂലൈ 17-ന് യു.എൻ ആസ്ഥാനത്ത് ഐ.സി.സി പ്രോസിക്യൂട്ടർ നടത്തിയ പത്രസമ്മേളനത്തിൽ ഒരു മാധ്യമ പ്രവർത്തകൻ ചോദിച്ചു: ഇറാഖിലും ഫലസ്തീനിലും നടമാടുന്ന ഗുരുതരമായ കുറ്റങ്ങൾ മറച്ചുവെച്ച് സുഡാൻ പ്രസിഡന്റിനെ പ്രോസിക്യൂട്ട് ചെയ്യാൻ കാണിക്കുന്ന വ്യഗ്രതക്കു കാരണം? ഒകാംപെയുടെ പ്രതികരണം: യു.എൻ രക്ഷാസമിതി ദാർഫൂർ പ്രശ്നം മാത്രമാണ് ഐ.സി.സിക്ക് റഫർ ചെയ്തത്.

അമേരിക്കയെപ്പോലെ ഐ.സി.സിയെ അംഗീകരിച്ചിട്ടില്ലാത്ത രാജ്യമായിട്ടും സുഡാനെതിരായ കേസ് മേൽകോടതിക്ക് റഫർ ചെയ്യാൻ യു.എൻ രക്ഷാസമിതിക്ക് രണ്ടുവട്ടം ആലോചിക്കേണ്ടിവന്നില്ല. കാരണം സുഡാൻ മൂന്നാം ലോക അറബ് രാജ്യമാണ്. രക്ഷാസമിതിയിൽ വീറ്റോ അധികാരവുമില്ല. ഇറാഖിലെയും അഫ്ഗാനിസ്താനിലെയും മനുഷ്യഹത്യയുടെ പേരിൽ യു.എസ് പ്രസിഡന്റ് ജോർജ് ബുഷിനെതിരെ ഐ.സി.സി അറസ്റ്റ്‌വാറന്റ് പുറപ്പെടുവിക്കുന്നത് ചിന്തിക്കാനാവുമോ? കേസ് റഫർ ചെയ്യാൻ യു.എന്നിന് കഴിയുമോയെന്ന ചോദ്യത്തിനു തന്നെ പ്രസക്തിയില്ലെന്നിരിക്കെ! ഫലസ്തീനികളെ നിഷ്ഠുരമായി കൊല്ലുന്ന സയണിസ്റ്റ് നേതാക്കൾക്കെതിരെ വിരൽ ചൂണ്ടാൻ ഒകാംപെയെപ്പോലുള്ളവർക്കും കഴിയില്ല. അതിന് അമേരിക്ക സമ്മതിക്കുകയുമില്ല. പാശ്ചാത്യ നീതിബോധത്തിന്റെ പൊള്ളത്തരങ്ങളാണ് ഇതൊക്കെ അടയാളപ്പെടുത്തുന്നത്. ■